## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4833** | **22/03/2018-ൽ മറുപടിയ്ക്ക്**

## പട്ടികജാതി പരിവർത്തിത ക്രൈസ്തവ വിഭാഗക്കാരുടെ വായ്പ കടിശ്ശിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | 2006 മാർച്ച് 31ന് മുൻപ് തിരിച്ചടവ് കാലാവധി കഴിഞ്ഞ പട്ടികജാതി പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർ എടുത്ത സംസ്ഥാന സഹകരണ സ്ഥാപനങ്ങളിലെ 50000 രൂപ വരെയുള്ള വായ്പ കടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനിച്ച ഉത്തരവ് എന്നത്തേതാണ്; ഇതുസംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശിക ആയിട്ടുള്ളതുമായ വായ്പ കടിശ്ശികയിന്മേൽ സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പ തുകയുടെ പരിധിയും 50,000/- രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാരിന്റെ 10.12.2013 ലെ സ.ഉ.(അച്ചടി) 99/2013/പജപവവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ശ്രീ. ഡബ്ല്യൂ. അശോകൻ, പ്ലാന്തോട്ടം റോഡരികത്ത് വീട്, പരപ്പാറ പി.ഒ, വിതുര എന്നയാൾ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് വിതുര ശാഖയിൽ നിന്നും 569 നമ്പർ കൺസ്യൂമർ വായ്പ 29.03.2001 ൽ എടുത്തതിൽ ഉണ്ടായിട്ടുള്ള കടിശ്ശിക പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എഴുതിതള്ളിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു; | (ബി) യും (സി) യും | എഴുതി തള്ളിയിട്ടില്ല. എഴുതി തള്ളാനുള്ള വായ്പകക്ഷിയുടെ അപേക്ഷ ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ എഴുതിത്തള്ളുവാൻ ആവശ്യമായ പൂർണ്ണമായ വിവരങ്ങൾ ശാഖയിൽ ലഭിച്ചിട്ടില്ല. ടി വിവരം ബാങ്ക് വായ്പക്കാരനെ അറിയിച്ചിട്ടുണ്ട്. |
| (സി) | ലോൺ എഴുതിത്തള്ളുന്നതിലെ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

Rc. 50,000/-

B2 19/12

1 . 31842

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് 12.11.2009 ലെ സ.ഉ(അച്ചടി).100/09/പജപവവിവ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

സ.ഉ. (അച്ചടി) നം. 99/2013/പജപവവിവ. തിരുവനന്തപുരം, തീയതി 10/12/2013

---

പരാമർശം:- 1. 12/11/2009 ലെ സ.ഉ.(അച്ചടി)നം. 100/2009/പജ പവ വിവ
2. 01/12/2010 ലെ സ.ഉ. (സാധാ) നം. 1198/2010/പജ പവ വിവ
3. 22/08/2011 ലെ സ.ഉ. (കൈ) നം. 86/2011/പജ പവ വിവ
4. 26/03/2013 ലെ സ.ഉ (കൈ) നം. 28/13/പജ പവ വിവ
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09/05/2013 ലെ ഡെവ. B2-1940/09 നം. കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകളുടെ 25,000/- രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിതള്ളുന്നതിനും അതിനു മുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ചുവടെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

(i) 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ 25,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക ഉണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയായിരിക്കും.

(ii) 25,000/- രൂപയ്ക്ക് മുകളിലുള്ളതും, കടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കു നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പിഴപലിശ,

വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേ... പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാ... സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കും.

പ്രസ്തുത ഉത്തരവിലൂടെ പുറപ്പെടുവിച്ച പദ്ധതിക്ക് കൂടുതൽ പ്രയോജനം വരത്തക്കവിധം വായ്പ തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുകയും താഴെപ്പറയുന്ന വിധത്തിൽ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശിക ആയിട്ടുള്ളതുമായ വായ്പ കുടിശികയിന്മേൽ, സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പ തുകയുടെ പരിധിയും, 12/11/2009 ലെ ജി.ഒ (പി) നം. 100/09/പജപവവിവ എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 25,000/-രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിക്കുന്നു;

2. ഇപ്രകാരം പുനരാവിഷ്കരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 17,89,02,566/- രൂപ (പതിനേഴ് കോടി എൺപത്തൊൻപത് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) പട്ടികജാതി വികസന വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ " 2225-01-800-57 കോർപ്പസ് ഫണ്ട് " എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ. ആഷാ തോമസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പടെ)
രജിസ്ട്രാർ, സഹകരണസംഘം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ, തൃശ്ശൂർ.
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വ്യവസായ വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Bal... K.T

സെക്ഷൻ ഓഫീസർ